## തിരനോട്ടം



കേരള ഗതാഗത വകുപ്പ് മന്ത്രി ശ്രീ. തോമസ് ചാണ്ടി, കർണ്ണാടക ആഭ്യന്തര വകുപ്പ് മന്ത്രി ശ്രീ. രാമലിംഗറെഡ്ഡി എന്നിവർ ചാവറ ഭവൻ സന്ദർശിച്ചപ്പോൾ.





## നാടൻ ഡയറി





# വിശ്വാസമാണ് എല്ലാം...

ജെ. വെള്ളൂർ

അളമുട്ടിയ ഒരു ജനത അവരുടെ വികസന സ്വപ്നങ്ങൾക്കായി നടത്തിയ സമാനതകളില്ലാത്ത പോരാട്ട പരമ്പരയുടെ പര്യവസാനം - മുണ്ടയ്ക്കൽ പാലം.

കൈനകരിക്കാരുടെ ചിരകാല അഭിലാഷമായ മുണ്ടയ്ക്കൽ പാലത്തിന്റെ പണി അവസാന ഘട്ടത്തിൽ! പമ്പാനദിയുടെ ഇരുകരകളേയും ബന്ധിപ്പിക്കുന്ന ഈ പാലം കുട്ടനാട്ടിലെ എറ്റവും വേഗത്തിൽ പണി തീർന്ന പാലങ്ങളിൽ ഒന്നാണ്. പാലത്തിൽ നിന്നും ഇരുകരകളിലേക്കുമുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. വിവിധ മതസ്ഥരുടെ ആരാധനാലയങ്ങളും കൈനകരിയിലെ ഭൂരിപക്ഷം പൊതു സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന കൈനകരി കിഴക്കേ കരയ്ക്ക് ഇത് പുറം ലോകത്തേക്കുള്ള വാതായനമാണ്. വി. ചാവറ പിതാവിന്റെ ജന്മഗൃഹത്തിലേക്ക് തീർത്ഥാടകർക്ക് സുഗമമായി എത്തിച്ചേരാൻ സാധിക്കുന്ന തരത്തിൽ ഉള്ള റോഡ് നിർമ്മാണമാണ് അടുത്ത ഘട്ടം. ജനപ്രതിനിധികളും ഗവൺമെന്റും ഒറ്റക്കെട്ടായി ഇക്കാര്യത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ ജനങ്ങൾ വലിയ പ്രതീക്ഷയോടുകൂടിയാണ് നോക്കിക്കാണുന്നത്. ●

# ഗ്രാമ വിശുദ്ധിയിൽ ഒരു പുണ്യഗൃഹം

സമൂഹത്തിന്റെ എല്ലാ മേഖലകളേയും വിശുദ്ധീകരിക്കുന്ന ഒരു സാന്നിദ്ധ്യമായി വ്യാപരിച്ച വി.ചാവറപിതാവിന്റെ പുണ്യഗൃഹത്തിലേക്ക് ഒരിക്കൽക്കൂടി കടന്നുവരാം. നൂറ്റാണ്ടുകൾക്കപ്പുറം പഴക്കമുള്ള വി. ചാവറയച്ചന്റെ ഓലയിൽ മേഞ്ഞ ഈ കൊച്ചു ഭവനം വിപരീത സാഹചര്യങ്ങളുടെ നടുവിലും സംരക്ഷിക്കപ്പെട്ടു എന്നതുതന്നെ വലിയ ദൈവപരിപാലനയായേ കാണുവാൻ സാധിക്കൂ. ദൈവം ഈ ഗൃഹത്തെ ഇത്രമാത്രം പരിപാലിക്കുന്നുവെങ്കിൽ തീർത്ഥാടകയായ സഭ, വർദ്ധിത പ്രാധാന്യത്തോടെ ഈ തീർത്ഥാടന കേന്ദ്രത്തെ സമീപിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാണല്ലൊ?

തീർത്ഥാടകർക്ക് ഈ ഭവനം നൽകുന്ന കൃപയും സമാധാനവും കഴിഞ്ഞ അഞ്ചുവർഷമായി അടുത്തറിയാൻ സാധിച്ച വ്യക്തിയാണു ഞാൻ. ഇത്രയും കാലം ഇതിനേപ്പറ്റി അറിയാൻ സാധിക്കാഞ്ഞതിൽ ഖേദിക്കുന്നവരാണേറയും. ഇനിയും വരുമെന്നുറപ്പിച്ചാണ് അവർ മടങ്ങുന്നത്. വി. ചാവറ പിതാവിന്റെ തറവാട് വീട് നൽകുന്ന സ്വർഗ്ഗീയ ചിന്തകളിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഊണിലും ഉറക്കത്തിലും ഈ ആന്തരിക ചൈതന്യം നെഞ്ചിലേറ്റിയ പുതിയ ഡയറക്ടർ ഫാ. തോമസ് കല്ലുകളം സി.എം.ഐയുടെ നേതൃത്വത്തിലുള്ള ചാവറ ഭവൻ ടീം പ്രത്യേകം പ്രശംസയർഹിക്കുന്നു.



ചാവറ ദർശനങ്ങളുടെ പരിമളം പുറത്തേക്ക് പ്രവഹിപ്പിക്കാനുള്ള പരിശ്രമങ്ങൾ പ്രശംസനീയമാണ്. ജാതിമത ചിന്തകൾക്കതീതമായി എല്ലാവർക്കും സ്വാഗതമരുളുന്ന ഒരിടമായി ഈ കേന്ദ്രം മാറുന്നത് തികച്ചും മനോഹരമായ ഒരു കാഴ്ചയാണ്.

ഈ തീർത്ഥാടന കേന്ദ്രത്തിന്റെ വളർച്ചയ്ക്ക് നിർണ്ണായക നാഴികക്കല്ലാകുകയാണ് പമ്പാനദിക്കു കുറുകേ പണിതീർന്ന മുണ്ടയ്ക്കൽ പാലം. ഇത് ചാവറയ്ക്കൊപ്പം നാടിന്റെ വികസനത്തിനും പുതുവഴികൾ സമ്മാനിക്കും. അസ്സീസിയിലെ വി. ഫ്രാൻസീസിന്റെയും, ലിസ്യൂവിലെ വി.കൊച്ചുത്രേസ്യായുടെയും ഭവനങ്ങൾ പോലെ ജനം ഈ ഗൃഹത്തേയും നെഞ്ചിലേറ്റുന്ന സമയം വിദൂരമല്ല. ●

ഫാ. ജോൺസൺ പാന്തലാനിക്കൽ സി.എം.ഐ
ചാവറഭവൻ മുൻ ഡയറക്ടർ.



# കുടുംബ മദ്ധ്യസ്ഥൻ

**കുടുംബമാണ് സകലത്തിന്റെയും അടിസ്ഥാനം, സഭയുടേയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും. വി.ചാവറ പിതാവ് ജനിച്ച കൈനകരിയിലെ ഭവനവും അവിടെ നിന്നു സ്വീകരിച്ച സുകൃതങ്ങളിൻമേൽ പടുത്തുയർത്തിയ വിശുദ്ധ ജീവിതവും നമ്മോട് വിളിച്ചുപറയുന്നു, കുടുംബമാണ് കൃപയുടെ സ്രോതസ്. കൃപ നിറഞ്ഞ ഒരു കുടുംബ ജീവിതത്തിനായി വി.ചാവറയച്ചന്റെ മാദ്ധ്യസ്ഥം നമുക്കുതേടാം. ചാവറഭവനം നമ്മുടെ പ്രചോദനവും, ചാവരുൾ നമ്മുടെ മാർഗ്ഗദീപവും, തിരുക്കുടുംബം നമ്മുടെ മാതൃകയും, ചാവറയച്ചൻ നമ്മുടെ മദ്ധ്യസ്ഥനുമായിരിക്കട്ടെ.**

ആശംസകളോടെ
**ഫാ. തോമസ് ഇരുമ്പുകുത്തിയിൽ സി.എം.ഐ**
ചാവറ ഫാമിലി അപ്പസ്റ്റലേറ്റ്,
സി.എസ്.ആർ, പരിയാരം, ചാലക്കുടി




# ഉത്സവമായ് ചാവറ ഫെസ്റ്റ് 2017

കൈനകരി ചാവറഭവന്റെയും കൊച്ചി ചാവറ കൾച്ചറൽ സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ സെപ്റ്റംബർ 2ന് നടത്തപ്പെട്ട ചാവറഫെസ്റ്റ് 2017 അക്ഷരാർത്ഥത്തിൽ കൈനകരിയെ ഉത്സവ ലഹരിയിലാക്കി. ഓണത്തോടനുബന്ധിച്ച് സർവ്വമത കൂട്ടായ്മയിൽ നടന്ന ഈ ഫെസ്റ്റ് ഇത്തരത്തിൽ നടക്കുന്ന ആദ്യ സംരംഭമാണ്.

സ്കൂൾ കുട്ടികൾക്കും മുതിർന്നവർക്കുമുള്ള കലാകായിക മത്സരങ്ങൾ രാവിലെ 9 മണി മുതൽ കെ. ഇ. കാർമൽ പബ്ലിക്ക് സ്കൂൾ അങ്കണത്തിൽ നടന്നു. തുടർന്ന് കൊവേന്തയിൽ നിന്നും ചക്കംകരി ശ്രീ ഭഗവതി ക്ഷേത്രമൈതാനത്തു നിന്നും രണ്ട് സാംസ്കാരിക ജാഥകൾ ആരംഭിച്ച് ചാവറ ജെട്ടിയിൽ കേന്ദ്രീകരിച്ച് വിവിധ നാടൻ വാദ്യകലകളുടെ അകമ്പടിയോടെ ചാവറ ഭവനിലേക്ക് നീങ്ങി. അവിടെ നടന്ന പ്രൗഢഗംഭീരമായ സാംസ്കാരിക സമ്മേളനത്തിൽ കേരളത്തിലെ സാംസ്കാരിക രാഷ്ട്രീയ മതനേതാക്കൾ പങ്കെടുത്തു. ചടങ്ങിൽ വിവിധ തുറകളിൽ വ്യക്തിമുദ്ര പതിപ്പിച്ച കൈനകരിക്കാരായ കൈനകരി ബേബി (*സ്വാതന്ത്ര്യ സമരഭടൻ, കാഥികൻ*), കൈനകരി തങ്കരാജ് (*നാടക/സീരിയൽ നടൻ*), ആന്റണി തോമസ് വലിയവീട്ടിൽ (*വള്ളംകളി*), ബിനോയ് ജോബ് (*സി.ഇ.ഒ & സെക്രട്ടറി ജനറൽ, കോൺഫെഡറേഷൻ ഓഫ് ടെക്സ്റ്റൈൽ ഇൻഡസ്ട്രി*), ലിജിൻ ജോസ് (*സിനിമാ സംവിധായകൻ*) എന്നിവരെ ആദരിച്ചു. ●




Only for private circulation, copy rights reserved. Edited, Printed and Published by Rev. Dr. Thomas Kallukalam CMI, for Chavara Bhavan, Kainakary, Ph: 0477 2724755
email: chavarachronicle.kainakary@gmail.com www.chavarabhavankainakary.org Layout & Design: Roy Thomas 9947394972